പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2025      17.12.2012 - ൽ മറുപടിയ്ക്ക്

## വളപട്ടണം പോലീസ് സ്റ്റേഷനിൽ അതിക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | വളപട്ടണം പോലീസ് സ്റ്റേഷനിൽ കണ്ണൂർ എം.പി. ശ്രീ. സുധാകരൻ കടന്നുകയറി ഔദ്യോഗിക കൃത്യ നിർവ്വഹണം നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതെപ്പോഴാണ് എന്ന് വ്യക്തമാക്കാമോ; എം.പി. യുടെ ഈ നടപടികൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;<br>പോലീസ് സുധാകരനെതിരെ കേസെടുത്തിട്ടുണ്ടോ;<br>കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; | (എ) | 31.10.2012 തീയതിയിൽ ഉണ്ടായ പ്രസ്തുത സംഭവത്തിന്മേൽ കണ്ണൂർ എം.പി. ശ്രീ. സുധാകരനെതിരെ വളപട്ടണം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1318/12 U/s 143, 147, 283 r/w 149 IPC & Section 117 (e) of KP Act പ്രകാരം കേസ്സ് എടുത്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) | വളപട്ടണം പോലീസ് സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിലെടുത്ത സമദ്, ഹമീദ് എന്നിവരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുളള കേസുകൾ ഏതെല്ലാം എന്നത് വ്യക്തമാക്കാമോ; | (ബി) | സമദ്, ഹമീദ് എന്നിവരുടെ പേരിൽ വളപട്ടണം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1316/12 U/s 341, 332, 427, 308 r/w 34 IPC Section 20 of KPRRB പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. |
| (സി) | മണൽ കടത്ത് കേസിലും പോലീസ് ഉദ്യോഗസ്ഥരെ ലോറി കയറ്റി കൊലപ്പെടുത്താൻ ശ്രമിച്ചതിനും ഇവരുടെ പേരിൽ കേസുണ്ടോ; എങ്കിൽ അത് വധ ശ്രമം ഉൾപ്പെടെയുളള വകുപ്പുകളിൽ ആണോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | മണൽ കടത്ത് കേസിലും പോലീസ് ഉദ്യോഗസ്ഥരെ ലോറി കയറ്റി കൊലപ്പെടുത്താൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ഇവരുടെ പേരിൽ കേസുണ്ട്. (വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നം. 1316/12). പ്രതികൾക്ക് രാഷ്ട്രീയ ബന്ധം ഉളളതായി വെളിവായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുള്ള പ്രതികളെ അന്വേഷിച്ച് പോലീസ് സ്റ്റേഷനിൽ വന്നവർ ആരെല്ലാം എന്നത് വ്യക്തമാക്കാമോ; | (ഡി) | ശ്രീ. കല്ലിക്കോടൻ രാഗേഷ്, ശ്രീ. ഷറഫുദ്ദീൻ എന്നിവരാണ് പ്രതികളെ അന്വേഷിച്ച് പോലീസ് സ്റ്റേഷനിൽ വന്നവർ. |
| (ഇ) | പ്രസ്തുത കേസിൽ പോലീസ് കസ്റ്റഡിയിലെടുത്ത ലോറിയുടെ ഉടമസ്ഥർ ആര് എന്നത് പോലീസ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | കണ്ടെത്തിയിട്ടുണ്ട്. R C Owner - പി.പി. ബഷീർ, S/o ഉമ്മർ, തോപ്രം പുതിയപുരയിൽ തളിപ്പറമ്പ്. ഇപ്പോഴത്തെ എഗ്രിമെന്റ് ഓണർ മുഹമ്മദ് കുഞ്ഞി S/o അബ്ദുള്ള നദീറ മൻസിൽ, നാറാത്ത് എന്നയാൾ ആണ്. |
| (എഫ്) | ഈ സംഭവത്തിൽ ഐ.ജി. യുടെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയില്ലെന്ന് ഐ.ജി. യുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ? | (എഫ്) | ഐ.ജി. യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അന്വേഷണം.

വളപട്ടണം പോലീസ് സ്റ്റേഷനിൽ 31-10-12 തീയ്യതി ഉണ്ടായ സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ ലോക് സഭാ മണ്ഡലം എം. പി ശ്രീ കെ. സുധാകരൻ ബഹു കേരള ആഭ്യന്തരവകുപ്പ് മന്ത്രി അവർകൾക്ക് വളപട്ടണം എസ്.ഐ., എ.എസ്.ഐ. എന്നിവർക്കെതിരെ അയച്ച പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി സ്റ്റേറ്റ് പോലീസ് ചീഫ് മുഖേന അയച്ച് കിട്ടിയിട്ടുള്ളതാണ്.

31.10.12 തീയ്യതി യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ സമദ്, ഹമീദ് എന്നിവരെ എതിർകക്ഷികൾ സ്റ്റേഷനിൽവെച്ച് ക്രൂരമായി മർദ്ദിക്കുകയും വസ്ത്രങ്ങൾ അഴിച്ച് ലോക്കപ്പിലിടുകയും വിവരം അന്വേഷിക്കാൻ എത്തിയ അഴീക്കോട് ബ്ലോക്ക് യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ട് കല്ലിക്കോടൻ രാഗേഷ് എന്നയാളെ എതിർകക്ഷികൾ അടിച്ച് ലോക്കപ്പിലിടുകയും ചെയ്തു എന്നും സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ പൊതു പ്രവർത്തകരായ സജീവ് ജോസഫ്, മുഹമ്മദ് ബ്ലാത്തൂർ എന്നിവരെ സ്റ്റേഷനിൽനിന്ന് ചവുട്ടി പുറത്താക്കുകയും പിന്നീട് സ്ഥലത്തെത്തിയ എം.എൽ.എ. എം.പി. എന്നിവരെ എസ്.ഐ. അധിക്ഷേപിച്ചു എന്നും മറ്റുമാണ് പരാതിയിലെ ആരോപണങ്ങൾ.

പരാതി സംബന്ധിച്ച് സാക്ഷികളെ കണ്ടു ചോദിച്ചു മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും സംഭവവുമായി **ബന്ധപ്പെട്ട വീഡിയോ സി.ഡി,** വളപട്ടണം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1316/12, 1317/12, 1318/12 എന്നിവയുടെ എഫ് ഐ ആർ എന്നിവ പരിശോധിച്ചിട്ടുള്ളതുമാണ്.

പരാതിക്കാരന്റെയും സാക്ഷികളുടെയും മൊഴി രേഖപ്പെടുത്തിയതിലും അനുബന്ധരേഖകൾ പരിശോധിച്ചതിലും എന്റെ അന്വേഷണത്തിൽനിന്നും താഴെ പറയുന്ന വസ്തുതകൾ വെളിവായിട്ടുള്ളതാണ്.

31.10.2012 തീയ്യതി സുമാർ 10.45 മണിയോടെ നിയമാനുസൃത പാസില്ലാതെ മണൽകടത്തിയതിനും പോലീസിനെ അക്രമിച്ച് പരിക്കേൽപ്പിച്ചതിനും അറസ്റ്റ് ചെയ്ത് ലോക്കപ്പ് ചെയ്ത പ്രതികളെ മർദ്ദിച്ചു എന്നു പറഞ്ഞതായ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അവരെ കേസിൽനിന്ന് ഒഴിവാക്കികൊണ്ട് പോകുന്നതിനുമായി കല്ലിക്കോടൻ രാഗേഷ് ഷറഫുദ്ദീനും വികാസും മറ്റൊരാളും സഹിതം പോലീസ് സ്റ്റേഷനിൽ കയറിവരികയും ശേഷം രാഗേഷും മറ്റൊരാളും എസ്.ഐ.യുടെ മുറിയിലെ കസേര തട്ടിത്തെറിപ്പിച്ചുകൊണ്ട് "നേരത്തെ മണൽ കേസിൽ പിടിച്ചവരെ നിങ്ങൾ മർദ്ദിച്ചു എന്നും മണൽവണ്ടി അനാവശ്യമായി എന്തിനാടാ പിടിച്ചത് പ്രതികളെ അടിക്കാൻ നിനക്കാരാണ് അധികാരം തന്നത് എന്നും നിന്നെ പുറത്തിറങ്ങാൻവിടില്ല"

ആക്രോശിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും പിടിവലി ഉണ്ടാവുകയും ആ സമയം ജി.ഡി. ചാർജ്ജിലുള്ള സജീവനും സി.പി.ഒ. വിനോദനും കൂടി രാഗേഷിനെ ലോക്കപ്പിനടുത്തുള്ള മുറിയിൽകൊണ്ട് പോയി ഇരുത്തുകയും ശേഷം ബഹളമുണ്ടാക്കുകയും ചെയ്യപ്പോൾ ടിയാനെ ലോക്കപ്പിലടക്കുകയും ചെയ്തു എന്നും മനസ്സിലാകുന്നു. ടി കാര്യത്തിനായി ക്രൈം നം. 1317/12 u/s 448. 294(b) IPC & Sec. 117(e) of KP Act ആയി കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ആയതിനെ തുടർന്ന് പ്രസ്തുത സംഭവം വീണ്ടും അന്വേഷിക്കാൻ സ്റ്റേഷനിൽ എത്തിയ ശ്രീ. എം. മുഹമ്മദ്, ജില്ലാ ലോക്സഭാ കമ്മിറ്റി പ്രസിഡണ്ട്, ശ്രീ സജീവ് ജോസഫ്, ചെയർമാൻ, നാഷണൽ എൻക്വയറി കമ്മീഷൻ എന്നിവർ രാഗേഷിനെ വിട്ടുകിട്ടുന്നതിനായി എസ്.ഐ.യുമായി വാക്ക് തർക്കത്തലേർപ്പെടുകയും ആയതിനെ തുടർന്ന് എസ്.ഐ.യും സ്റ്റേഷനിലെ മറ്റ് പോലീസുകാരും ടിയാൻമാരെയും കൂടെയുള്ളവരെയും സ്റ്റേഷനിൽനിന്ന് പുറത്തേക്ക് തള്ളി മാറ്റിയിട്ടുള്ളതുമാണ്. ഏകദേശം 12 മണിയോടെ ശ്രീ. കെ. സുധാകരൻ എം.പി., രജ്ജിത് മാക്കുറ്റി എന്നിവർ സ്റ്റേഷനിൽ എത്തുകയും എസ്.ഐ.യുടെ മുറിയിൽ കയറി ഇരുന്ന് എസ്.ഐയുമായി രാഗേഷിനെ അറസ്റ്റ് ചെയ്ത കാരണത്തെക്കുറിച്ച് അന്വേഷിക്കുകയും തുടർന്ന് ലോക്കപ്പിനടുത്ത് ചെന്ന് പ്രതികളെ കാണുകയും ആയതിൽ പ്രകോപിതനാകുകയും തിരിച്ച് വന്ന് എസ്.ഐ.യോട് വളരെ രൂക്ഷമായ ഭാഷയിൽ നീ ആരാ ഇവിടെ, സുരേഷ് ഗോപിയോ, സിനിമാ നടൻ, കല്ലിക്കോടൻ രാഗേഷിനെ നെഞ്ചിന് കത്തി പിടിച്ച് അടിച്ചിട്ട് ഇതാക്കൻ നീ ആരാ ഇവിടെ, എസ്. ഐ., ഈ ഉടുപ്പ് അഴിച്ചു വെക്കാൻ പെരുത്ത് സമയം വേണ്ട, രാഷ്ട്രീയമുണ്ടെങ്കിൽ നിന്റെ വീട്ടിൽമതി ഇവിടെ വേണ്ട, മനസ്സിലായോ എന്ന് സംസാരിച്ചതുമായതാണ് മനസ്സിലാകുന്നത്. അൽപസമയത്തിന് ശേഷം അഴീക്കോട് എം.എൽ.എ. ശ്രീ. കെ.എം., ഷാജിയും, കണ്ണൂർ എം.എൽ.എ. ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിയും സ്റ്റേഷനിൽ എത്തിചേർന്നിട്ടുള്ളതുമാണ്. സുമാർ 12.30 മണിയോടെ കണ്ണൂർ ഡി.വൈ.എസ്.പി. ശ്രീ. പി. സുകുമാരൻ സ്റ്റേഷനിലെത്തുകയും എം.പിയുമായി സംസാരിച്ച് ഒരു മണിയോടെ ശ്രീ. രാഗേഷിനെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും അൽപസമയത്തിന് ശേഷം ശ്രീ. സുധാകരൻ എം.പി.യും മറ്റുള്ളവരും സ്റ്റേഷനിൽനിന്ന് പുറത്തേക്ക് പോയിട്ടുള്ളതുമാണ്.

ഒരു ജനപ്രതിനിധി എന്ന നിലയിൽസ്വന്തം രാഷ്ട്രീയ കക്ഷിയിൽപെട്ട പ്രാദേശിക നേതാവിന് പോലീസ് സ്റ്റേഷനിൽ ഉണ്ടായ അനിഷ്ടസംഭവം ശ്രദ്ധയിൽപെട്ട ബഹുമാനപ്പെട്ട എം.പി. ശ്രീ. കെ. സുധാകരൻ സ്റ്റേഷനിലെത്തുകയും എസ്.ഐയുടെ ഭാഗത്ത് നിന്നുണ്ടായ ചെറിയ

വീഴ്ചകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് വളരെ ക്രുദ്ധനാകുകയും തുടർന്ന് എസ്.ഐ.യുമായി കയർത്ത് സംസാരിക്കുകയും ചെയ്തിട്ടുള്ളതാണ്, ആയത് ദൃശ്യമാധ്യമങ്ങളിൽനിന്നും വ്യക്തമാണ് പക്ഷെ എസ്.ഐ. ബഹുമാനപ്പെട്ട എം.പി.യോട് യാതൊരു തരത്തിലും അപമര്യാദയായി പെരുമാറിയതായി അന്വേഷണത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. പ്രസ്തുത സംഭവത്തിൽ പോലിസിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടില്ല എന്നു പറഞ്ഞിട്ടില്ല(.)

10/12/2012

പോലീസ് ഇൻസ്പെക്ടർ ജനറൽ,

കണ്ണൂര് റെയ്ഞ്ച്, കണ്ണൂർ.

TH-230

സെക്ഷൻ ഓഫീസർ